**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 234** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ആരംഭിക്കുന്ന സർക്കാർ അവയവമാറ്റ ശസ്ത്രക്രിയ ആശുപത്രിയുടെ വിശദമായ പദ്ധതിരേഖ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ആരംഭിക്കുന്ന സർക്കാർ അവയവമാറ്റ ശസ്ത്രക്രിയ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 643.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി ധനാനുമതിയ്ക്കായി കിഫ്ബി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി ആശുപത്രി പ്രവർത്തനങ്ങൾ താല്ക്കാലികമായി ആരംഭിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിലെ പി.എം.എസ്.എസ്.വൈ ബ്ലോക്കിൽ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും സിവിൽ വർക്കുകൾക്കുമായി 14.40 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, പദ്ധതിയ്ക്കാവശ്യമായ പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം പാട്ട വ്യവസ്ഥയിൽ കൈമാറുന്നതിനായി സർവ്വേ നടപടികൾ പൂർത്തിയാക്കി, കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമായതിനുശേഷം ആയതിന്റെ സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതിയുടെ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്. |
| (സി) | പ്രസ്തുത ആശുപത്രിയുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ഉത്തരം (ബി) പിരിവിൽ കണ്ടാലും. |

സെക്ഷൻ ഓഫീസർ